84 (228) ആയിരംതെങ്ങ് തെക്കുംപാട് പാലം നിർമ്മാണം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ അഴീക്കോട് നിയോജകമണ്ഡലത്തിലെ ആയിരം തെങ്ങ് തെക്കുംപാട് പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

ആയിരംതെങ്ങ് തെക്കുംപാട് പാലത്തിന് 1.2.99-ലെ സ.ഉ.(സാ)നം 89/99/പൊ.മ.വ. പ്രകാരം 355 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ 120-ാം പേജിൽ 78-ാം നമ്പരായി 12 ലക്ഷം രൂപയും 121-ാം പേജിൽ 99-ാം നമ്പരായി 25 ലക്ഷം രൂപയും മാത്രമേ വകകൊള്ളിച്ചിട്ടുള്ളൂ. എന്നാൽ ടി പണി ടെണ്ടർ ചെയ്യുന്നതിന് എസ്റ്റിമേറ്റ് തുകയുടെ 20% ആയ 76 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തേണ്ടതുണ്ട്. പ്രസ്തുത പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നു. ഡിസൈൻ പൂർത്തിയാക്കി ആവശ്യമായ ഫണ്ട് കണ്ടെത്തി പണി തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

85 (229) പാലക്കാട് താഴം പാലത്തിന്റെ നിർമ്മാണം

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ പാലക്കാട് താഴം പാലത്തിനോട് ചേർന്നുള്ള പുതിയ പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏതു ഘട്ടംവരെയായി;

(ബി) പ്രസ്തുത പാലത്തിന്റെ പണി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ പാലത്തിന്റെ പണി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)(ബി)&(സി) പ്രസ്തുത പാലത്തിന് 20.11.98-ൽ 180 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ഇതിനായി ഈ സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ മൊത്തം 8.32 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പണി പുരോഗതിയിലാണ്. പാലം പണിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ഏറ്റെടുക്കുകയും ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഡിസൈൻ തയ്യാറാവുകയും ചെയ്താൽ ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പാലംപണി ടെണ്ടർ ചെയ്ത് തുടങ്ങാൻ കഴിയുന്നതാണ്.

86 (230) പാലം നിർമ്മാണം

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly